(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ദേശീയ ജലപാതാ നിലവാരത്തിൽ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിക്കൊണ്ടിരിക്കുന്ന സംസ്ഥാന പാതയിൽ ഉൾപ്പെടുന്ന വടകര-മാഹി കനാലിന്റെ അടിസ്ഥാനസൗകര്യ വികസനങ്ങൾക്കായി 50% കേന്ദ്ര ധനസഹായം അഭ്യർത്ഥിക്കാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിശോധനയിലാണ്.

സംസ്ഥാനത്തെ ദേശീയ ജലപാത

211 (912) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയ ജലപാതയ്ക്ക് ആകെ എത്ര കിലോമീറ്റർ ദൂരമുണ്ട്; ദേശീയ ജലപാത പൂർത്തീകരിക്കുന്നതിന് ഉദ്ദേശം എത്ര കോടി രൂപയുടെ ചെലവ് എസ്റ്റിമേറ്റ് ചെയ്യുന്നുണ്ട്; തിരുവനന്തപുരം മുതൽ കാസർകോട് വരെ ജലപാത സഞ്ചാരയോഗ്യമാക്കാൻ എന്നത്തേക്ക് സാധ്യമാകും;

(ബി) ഇപ്പോൾ സർക്കാർ ഭരണാനുമതി നല്കിയതും വർഷങ്ങളായി സഞ്ചാര യോഗ്യമായതുമായ ഭാഗം മൊത്തം ജലപാതയുടെ എത്രശതമാനം വരും; അവശേഷിക്കുന്ന ഭാഗം കൂടി സഞ്ചാരയോഗ്യമാക്കാൻ ആവശ്യമായ തുക ഏത് നിലയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്; നിർദ്ദിഷ്ട ജലപാതയുടെ വീതി എത്രയാണ്;

(സി) ഈ സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ചതും അവശേഷിക്കുന്ന കാലയളവിൽ പൂർത്തിയാക്കുന്നതുമായ ജലപാത എത്ര കിലോമീറ്ററാണ്; എന്ന് തുക ഇതിനായി ചെലവഴിച്ച വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ദേശീയ ജലപാതയ്ക്ക് (കൊല്ലം-കോട്ടപ്പുറം) പന്തലര, ഉദ്യോഗമണ്ഡൽ എന്നീ ഉപകനാലുകൾ സഹിതം 205 കി.മീ നീളമുണ്ട്. പ്രസ്തുത പാതയുടെ നിർവ്വഹണ ചുമതല കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ' (IWAI) ആണ് നിർവ്വഹിക്കുന്നത്. ആയതിന്റെ നിർമ്മാണചെലവ് പൂർണ്ണമായും കേന്ദ്രസർക്കാരാണ് വഹിക്കുന്നത്. 31-3-2015 വരെ കേന്ദ്ര സർക്കാർ ഈ പദ്ധതിക്കായി ആകെ 220 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ ഉന്നതവിദഗ്ധരുൾ

LIBRARY ARCHIVES Kerala Legislative Assembly

നീക്കം ചെയ്യുന്നതിനുള്ള നഷ്ടപരിഹാരമായി ഇതുവരെ 12.475 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഈ വകയിൽ ഇനി 5.5 കോടി രൂപ കൂടി ആവശ്യമായി വരും. കൂടാതെ 74 വീടുകൾ നീക്കം ചെയ്യുന്നതിനുള്ള സ്പെഷ്യൽ പാക്കേജായി 28.8 ലക്ഷം രൂപയും നീക്കിവെച്ചിട്ടുണ്ട്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ജലപാതയുടെ (കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത ഒഴികെ) വിവിധ ഭാഗങ്ങളിൽ സംസ്ഥാന ജലപാത മാനദണ്ഡമനുസരിച്ചുള്ള വികസനപ്രവർത്തനങ്ങൾ നടന്നുവരുന്നു. പൂർത്തിയാകുന്ന മുറയ്ക്ക് സഞ്ചാരയോഗ്യമാക്കുവാൻ കഴിയും.

(ബി) വർഷങ്ങളായി സഞ്ചാരയോഗ്യമായ ഭാഗം മൊത്തം ജലപാതയുടെ 65% വരും. (168 കി.മീ. ദേശീയ ജലപാതയും 322 കി.മീ. സംസ്ഥാന ജലപാതയും ഉൾപ്പെടെയുള്ള 590 കി.മീ. നിളത്തിൽ 388 കി.മീ. ദൂരം). അവശേഷിക്കുന്ന സംസ്ഥാന ജലപാതയുടെ ഭാഗം സഞ്ചാരയോഗ്യമാക്കാൻ സംസ്ഥാന ഫണ്ട്, നബാർഡ്, ധനകാര്യ കമ്മീഷൻ എന്നീ സ്രോതസ്സുകൾ ഉപയോഗിച്ചുവരുന്നു. സംസ്ഥാന ജലപാതയുടെ വിതി താഴെപ്പറയുന്നു.

സംസ്ഥാന ജലപാത മാനദണ്ഡ പ്രകാരം താഴ്ഭാഗം - 14 മീറ്റർ

മേൽ ഭാഗം - 32 മീറ്റർ

(സി) 1. 590 കി.മീ. നിളമുള്ള പടിഞ്ഞാറൻ തീരദേശ പാതയിലുൾപ്പെടുന്ന 17.61 കി.മീ. നിളം വരുന്ന വടകര മാഹി കനാലിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത് ഈ സർക്കാരിന്റെ കാലത്താണ്. സംസ്ഥാന ഫണ്ട് പതിമൂന്നാം ധനകാര്യ കമ്മീഷൻ, നബാർഡ് എന്നിവയിലുൾപ്പെടുത്തി ഏകദേശം 7.3 കി.മീ. നിളം പൂർത്തീകരിച്ചു. ഇതിനായി 41 കോടി രൂപ ഇതുവരെ ചെലവായി.

2. താനൂർ-ചൂട്ടായി കനാൽ

13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി താനൂർ-ചൂട്ടായി കനാലിന്റെ 1.32 കി.മീ ഭാഗത്ത് 1.44 കോടി രൂപയുടെ നവീകരണ പദ്ധതി പൂർത്തീകരിച്ചു.

3. കന്നേറ്റി കായൽ (ദേശീയ പാതയിലേക്കുള്ള ഉപകനാൽ)

13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി ദേശീയ ജലപാത നമ്പർ III-ന്റെ ഉപകനാലായ കന്നേറ്റി കായലിന്റെ നവീകരണ പദ്ധതി രണ്ട് കോടി രൂപ അടങ്കലിൽ ഏറ്റെടുത്ത് പണി പൂർത്തീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly